# Deepika

## 28 August 2018

## Kochi; after flood, Relief

### പ്രളയ ബാധിതരുടെ ആരോഗ്യ പരിരക്ഷയ്ക്കായി കൊച്ചി സിറ്റിപോലീസ്

കൊച്ചി: പ്രളയബാധിതരുടെ ആരോഗ്യ പരിരക്ഷയ്ക്കായി കൊച്ചി സിറ്റി പോലീസ് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ചേരാനെല്ലൂർ അൽ ഫാറൂഖ്യ ഹയർ സെക്കൻഡറി സ്കൂളിൽ കൊച്ചി വിപിഎസ് ലേക്‌ഷോർ ആശുപത്രിയുടെയും മൈക്രോ മാക്സ് മൊബൈലിന്റെയും സഹകരണത്തോടെയാണു മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്.

ലേക്‌ഷോർ ആശുപത്രി ഫാമിലി മെഡിസിൻ വിദഗ്ധ ഡോ. പി. ശോഭയുടെ നേതൃത്വത്തിൽ ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ഡെർമറ്റോളജി, സൈക്യാട്രി, സർജൻ വിഭാഗങ്ങളിൽപ്പെട്ട ഡോക്ടർമാരുടെ വിദഗ്ധ സംഘമാണു ക്യാമ്പ് നടത്തിയത്. ക്യാമ്പിൽ ആംബുലൻസ് സേവനവും ലഭ്യമാക്കിയിരുന്നു. ജില്ല ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ ബിജു ജോർജ്, ചേരാനെല്ലൂർ സബ് ഇൻസ്പെക്ടർ രൂപേഷ്, വിപിഎസ് ലേക്‌ഷോർ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ നിഹാജ്, മൈക്രോമാക്സ് കേരള സംസ്ഥാന സെയിൽസ് ഹെഡ് അഖിൽ മോഹൻ തുടങ്ങിയവർ ക്യാമ്പിൽ പങ്കെടുത്തു. ഇന്നു രാവിലെ പത്തു മുതൽ ഉച്ചകഴിഞ്ഞു രണ്ടുവരെ പൂയപ്പിള്ളി നോർത്ത് പറവൂർ കേസരി എ. ബാലകൃഷ്ണപിള്ള വായനശാലയിലും മെഡിക്കൽ ക്യാമ്പ് നടത്തും.



ചേരാനെല്ലൂർ അൽ ഫാറൂഖ്യ ഹയർ സെക്കൻഡറി സ്കൂളിൽ കൊച്ചി സിറ്റി പോലീസിന്റെ നേതൃത്വത്തിൽ നടന്ന മെഡിക്കൽ ക്യാമ്പ്.

### 'പ്രളയ ദുരിതാശ്വാസത്തിൽ രാഷ്ട്രീയം കലർത്തുന്നു'

കൊച്ചി: പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ എറണാകുളം ജില്ലയിൽ കനത്ത രാഷ്ട്രീയം കലർത്തുന്നതായി ഹൈബി ഈഡൻ എംഎൽഎ.

പ്രതീക്ഷിക്കാതെ വന്ന പ്രളയം എറണാകുളത്തെ എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങൾ ഒറ്റക്കെട്ടായാണ് നേരിട്ടത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഭരണ-പ്രതിപക്ഷ ഭേദമന്യേ ഒരുമിച്ച് നിൽക്കുവാൻ എല്ലാവർക്കും സാധിച്ചത് അഭിനന്ദനാർഹമാണ്. എന്നാൽ പ്രളയത്തിന്റെ തീവ്രതകുറഞ്ഞ സമയം മുതൽ ഈ വിഷയത്തിൽ കൃത്യമായ ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥരടക്കം രാഷ്ട്രീയപരമായ ഇടപെടലുകൾ നടത്തുന്നത് പ്രതിഷേധാർഹമാണ്. ചേരാനല്ലൂർ പഞ്ചായത്ത്, വടുതല, പച്ചാളം, എളമക്കര തുടങ്ങിയ പ്രദേശങ്ങളെ പ്രളയം രൂക്ഷമായി ബാധിച്ചതാണ്. നാളിതുവരെ ഈ പ്രദേശങ്ങളെ പ്രളയ ബാധിത പ്രദേശങ്ങളിൽ ഉൾപ്പെടുത്താൻ സർക്കാർ തയാറായിട്ടില്ല.

ചേരാനല്ലൂർ പഞ്ചായത്തിലെ മൊത്ത ജനസംഖ്യയുടെ 90 ശതമാനത്തിലധികവും പ്രളയബാധിതരാണ്. 30,000 ൽ അധികം ആളുകൾക്കാണ് വീടുവിട്ട് പോകേണ്ടി വന്നത്. വെള്ളം കയറിയ വീടുകളിൽ കനത്ത നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. പഴയ വീടുകൾ അപകടാവസ്ഥയിലാണ്. കുടിവെള്ള ക്ഷാമം രൂക്ഷമാണ്. പലർക്കും വീടുകൾ വൃത്തിയാക്കുന്നതിനുള്ള വെള്ളം പോലുമില്ല. മഴ കനത്ത ആദ്യ ദിവസം ആറു ക്യാമ്പുകളിലായി പതിനായിരത്തോളം ആളുകളാണ് ചേരാനല്ലൂർ പഞ്ചായത്തിൽ തന്നെ ഉണ്ടായിരുന്നത്. 17ന് ഇവരെയെല്ലാം പഞ്ചായത്തിന് പുറത്തുള്ള ക്യാമ്പുകളിലേക്ക് മാറ്റേണ്ടി വന്നു. ഈ ദിവസങ്ങളിൽ തഹസീൽദാർ, വില്ലേജ് ഓഫീസർ അടക്കമുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏറെ നിരാശജനകമായിരുന്നു. തങ്ങളുടെ രാഷ്ട്രീയ കാഴ്ച്ചപ്പാടുകൾക്ക് കുട പിടിക്കുകയായിരുന്നു തഹസീൽദാറും സംഘവും. സന്നദ്ധ സംഘടനകളും മറ്റും സമാഹരിച്ച ഭക്ഷണ സാധനങ്ങൾ അടക്കമുള്ളവ പിടിച്ചെടുക്കുന്നതിന് വേണ്ടി മാത്രമാണ് തഹസീൽദാറും സംഘവും മിക്ക ക്യാമ്പുകളിലും ആദ്യമായെത്തിയത്.

കൊച്ചി നഗരസഭയുടെ കീഴിലുള്ള വടുതല, പച്ചാളം, എളമക്കര, നോർത്ത് ഇടപ്പള്ളി പ്രദേശങ്ങളും പ്രളയം നാശം വിതച്ച സ്ഥലങ്ങളാണ്. ഒട്ടനവധി ക്യാമ്പുകളിലായി ആയിരങ്ങളാണ് ഈ പ്രദേശങ്ങളിലും ഉണ്ടായിരുന്നത്. ഈ പ്രദേശങ്ങളെയും പ്രളയബാധിത പ്രദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള യാതൊരു നടപടിയും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. പ്രളയ ബാധിതരായ ആളുകളുടെ നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനും നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിനുമുള്ള നടപടിയെങ്കിലും റവന്യൂ ഉദ്യോഗസ്ഥർ അടിയന്തരമായി ചെയ്യണമെന്നും എംഎൽഎ ആവശ്യപ്പെട്ടു.